“ഭരണഭാഷ - മാതൃഭാഷ”

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ:ടി.ആർ1/000215/2020

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്.പി.ഒ,
തിരുവനന്തപുരം, തീയതി: 09.07.2020

## മെമ്മോറാണ്ടം

വിഷയം:- KEAM - 2020 പ്രവേശന പരീക്ഷ നടത്തുന്നതിനാൽ പരീക്ഷയ്ക്ക് കൂടുതൽ വാഹന സൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് -

സൂചന:- CEE/4600/2019/KEAM-2020 തീയതി: 07.07.2020.

കേരള എഞ്ചിനീയറിംഗ് / ഫാർമസി കോഴ്സുകളിലേക്കുള്ള (KEAM - 2020) പ്രവേശന പരീക്ഷ 16.07.2020 (വ്യാഴം) രാവിലെ 09.30 മണി മുതൽ 12.30 വരെയും 14.00 മണി മുതൽ 17.00 മണിവരെയും നടത്താൻ നിശ്ചയിച്ചിരിക്കുന്നു. സംസ്ഥാനത്തുടനീളം 339 പരീക്ഷാ കേന്ദ്രങ്ങളിലായി ലക്ഷത്തിലധികം പരീക്ഷാർത്ഥികളാണ് പരീക്ഷ എഴുതുന്നത്. ടി പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷാർത്ഥികൾക്ക് നിശ്ചിത സമയത്ത്തന്നെ എത്തിച്ചേരേണ്ടതിനാൽ ഈ സമയത്ത് തിരക്ക് അനുഭവപ്പെടുവാൻ സാധ്യത ഉണ്ട്. ടി ദിവസം പരീക്ഷാർത്ഥികളുടെ സൗകര്യാർത്ഥം ആവശ്യമായ യാത്രാ സൗകര്യം ചെയ്ത് കൊടുക്കുന്നതിലേയ്ക്കായി എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലേക്കും നിലവിലുള്ള സൗകര്യങ്ങളും മാനദണ്ഡങ്ങളും പാലിച്ച് ആവശ്യമായ സർവ്വീസുകൾ നടത്തുവാൻ ബന്ധപ്പെട്ട മേഖലാ അധികാരികളും, യൂണിറ്റ് അധികാരികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. **എന്നാൽ 15.07.2020-ന് മുമ്പായി മുൻകൂട്ടി സീറ്റ് റിസർവ് ചെയ്ത പരീക്ഷാർത്ഥികൾക്കും, രക്ഷകർത്താക്കൾക്കും വേണ്ടി മാത്രം Bus on Demand ആയി സർവ്വീസ് നടത്താവുന്നതാണ്.** ആയതിന് ആവശ്യമായ പ്രചരണം യൂണിറ്റ് ഓഫീസർമാർ നടത്തേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്ന തരത്തിലും യാത്രക്കാരുടെ തിരക്ക് കണക്കിലെടുത്തും വേണം ഇങ്ങനെയുള്ള സർവ്വീസുകൾ നടത്തേണ്ടത്.
2. എല്ലാ ജനറൽ വിഭാഗം ഇൻസ്പെക്ടർമാരും, സർപ്രൈസ് സ്ക്വാഡ് യൂണിറ്റ് ഇൻസ്പെക്ടർമാരും അന്നേ ദിവസം പോയിന്റ് ഡ്യൂട്ടി ഉൾപ്പെടെ ബസ് പരിശോധനാക്രമങ്ങൾ നടത്തേണ്ടതുണ്ട്.

**എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)**

ഉള്ളടക്കം:- പരീക്ഷാ സെന്ററുകളുടെ വിവരങ്ങൾ.

സ്വീകർത്താവ്:-
എല്ലാ മേഖലാധികാരികൾക്കും.
എല്ലാ യൂണിറ്റധികാരികൾക്കും.

പകർപ്പ്:-
പി.എസ് ടു എം.ഡി
പി.എ ടു എഫ്.എ & സി.എ.ഒ
എല്ലാ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്റ്റെനോമാർക്ക്.
വിജിലൻസ് ഓഫീസർ, ആർ.റ്റി.എ സെൽ
കോ-ഓർഡിനേറ്റർ, ഇ.ഡി.പി.സി - ആവശ്യമായ ക്രമീകരണങ്ങൾക്ക്.
കൺട്രോൾ റൂം.
കരുതൽ ഫയൽ, ഫയൽ.